പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ :3509

08.11.2019-ൽ
മറുപടിയ്ക്ക്

**ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകാൻ നടപടി**

*ചോദ്യം*

ശ്രീ.പി.കെ. ശശി

*ഉത്തരം*

ഡോ.കെ.ടി. ജലീൽ
(ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഷൊർണ്ണൂർ വി.എച്ച്.എസ്.ഇ. യ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിലേക്കായി ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ സ്ഥലം വിട്ടുനൽകുവാൻ വകുപ്പുമന്ത്രിയുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനം നടപ്പിലാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ഷൊർണ്ണൂർ ടെക്നിക്കൽ ഹൈസ്കൂളിന്റെ പരിധിയിൽ വരുന്ന 10 ഏക്കർ 20 സെന്റ് സ്ഥലത്ത് നിന്നും, നിലവിൽ വി.എച്ച്.എസ്.ഇ കെട്ടിടം സ്ഥിതി ചെയ്യുന്ന പി.ഡബ്ല്യു.ഡി. റോഡിനോട് ചേർന്നുള്ള 1 ഏക്കർ 10 സെന്റ് സ്ഥലം വി.എച്ച്.എസ്.ഇയ്ക്ക് പ്രത്യേക കെട്ടിടം നിർമ്മിക്കുന്നതിന് ഉപയോഗാനുമതി നൽകിയിട്ടുണ്ട്. |
| (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ഫയൽ നമ്പറും പ്രസ്തുത ഫയലിന്റെ നാൾവഴി നടപടിക്രമങ്ങളും വിശദമാക്കാമോ? | (ബി) | ഈ വിഷയവുമായി ബന്ധപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പിലെ ജെ3/412/2018-ഉ.വി.വ. നമ്പർ ഫയൽ പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറുകയും ആയത് പ്രസ്തുത വകുപ്പ് തുടർനടപടികൾക്കായി റവന്യൂ വകുപ്പിന് നൽകുകയും ചെയ്തു. |

സെക്ഷൻ ഓഫീസർ